national book festival 2018

പത്രക്കുറിപ്പ്

കേരള സാഹിത്യ അക്കാദമി
തൃശൂർ
09.02.2018

# ശരീരത്തെ മുൻനിർത്തിയുള്ള സമരംകൊണ്ട് മാത്രമേ സ്ത്രീശാക്തീകരണം പൂർണമാവൂ : ഡോ.എസ്.ശാരദക്കുട്ടി

തൃശൂർ : സ്വന്തം ശരീരത്തെ മുൻനിർത്തിയുള്ള സമരംകൊണ്ടുമാത്രമേ സ്ത്രീശാക്തീകരണം പൂർണമായ അർത്ഥത്തിൽ നേടിയെടുക്കാനാവൂ എന്ന് പ്രമുഖ ആക്റ്റിവിസ്റ്റും സാഹിത്യകാരിയുമായ ഡോ. എസ്.ശാരദക്കുട്ടി പറഞ്ഞു. പുരുഷന്റെ ശരീരംകൊണ്ട് തങ്ങളെ മലിനമാക്കാനാവില്ലെന്ന ചങ്കൂറ്റത്തോടെ ജീവിതത്തെ ധീരമായി നേരിടുന്ന കാലത്തിലേക്കാണ് ലോകം പ്രവേശിച്ചുകൊണ്ടിരിക്കുന്നതെന്നും അവർ പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് 'ഐക്യ കേരളത്തിലെ സ്ത്രീജീവിതവും ഇന്ത്യയും' എന്ന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ശാരദക്കുട്ടി.

എൺപതുകൾക്ക് മുമ്പുള്ള സ്ത്രീആത്മകഥകൾ ചേട്ടന്റെ നിഴലിലും വ്യാഴവട്ടസ്മരണകളിലും നിറഞ്ഞുനിന്നു. അതിനുശേഷം വന്ന വിനയ എന്ന പോലീസുകാരിയുടെയും ഭാഗ്യലക്ഷ്മിയുടെയും സിസ്റ്റർ ജെസ്മിയുടെയും മയിലമ്മയുടെയും ആത്മകഥകൾ പോരാട്ടത്തിന്റെ കഥകളാണ് പറയുന്നത്. ജീവിതത്തെ സ്വയം നിർമിച്ചെടുക്കുന്ന സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നിരന്തരമായ ജാഗ്രത പുതിയ സ്ത്രീആത്മകഥകളിൽ തുടിക്കുന്നു.

മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിലുള്ള സദാചാരഭീതികളെ പുതിയ കാലത്തെ സ്ത്രീ ഭയപ്പെടുന്നില്ല. ഒരു സമരത്തിൽനിന്ന് പുതിയൊരു സമരത്തിലേക്കാണ് അവരുടെ മുന്നേറ്റം. മനുഷ്യനെ മനുഷ്യനായി കാണുന്ന യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ അന്തർധാരയാണ് സമൂഹത്തിൽ മുന്നേറുന്ന സ്ത്രീയുടെ ആശയലോകം. കേവലം ഹിന്ദുവിന്റെയും ഇസ്ലാമിന്റെയും പേരിലുള്ള ഫാസിസമല്ല, നിരന്തരം ചൂരൽവടിയുമായി നിരത്തിലിറങ്ങുന്നവരുടെ ഫാസിസമാണ് വലിയ വിപത്ത്.

മഞ്ജുവാര്യർക്ക് പകരം വിദ്യാബാലൻ മാധവിക്കുട്ടിയായി അഭിനയിച്ചിരുന്നുവെങ്കിൽ ലൈംഗികത കടന്നുവരുമായിരുന്നുവെന്ന് കമലിന്റെ വാക്കുകൾ ഒഴിവാക്കേണ്ടതായിരുന്നു. ലൈംഗികതയുടെ അതിരുകൾ ഭേദിച്ച, കപടലൈംഗികസദാചാരത്തെ തള്ളിക്കളഞ്ഞ, മാധവിക്കുട്ടിയെ ആവിഷ്കരിക്കുമ്പോൾ വിദ്യാബാലൻ എന്നതൊരു പ്രശ്നമൊന്നുമല്ല. മഞ്ജുവാര്യരാവുമ്പോൾ നീർമാതളമെന്നും നാലുമണിപ്പൂവെന്നുമൊക്കെ പറഞ്ഞത് വളരെ വിലകുറഞ്ഞതായി. കമലിന്റെ സ്ത്രീസങ്കൽപമല്ല മാധവിക്കുട്ടിയുടേത്. അവരുടെ കസേരയിലിരുന്നാൽ കമലിന് പൊള്ളും-ശാരദക്കുട്ടി പറഞ്ഞു.

സ്ത്രീയും പുരുഷനും അകന്നുനിൽക്കേണ്ടവരല്ല. കൈകൾ ചേർത്തുപിടിച്ചും കെട്ടിപ്പിടിച്ചും ഉമ്മവെച്ചും പുതിയ ലോകനിർമിതിക്കുവേണ്ടി ഒത്തൊരുമയോടെ മുന്നോട്ടുപോകേണ്ടവരാണ്. ഇരയുടെ ഭാഗത്ത് നിൽക്കാൻ തങ്ങൾക്കിനി മനസ്സില്ലെന്നും പുതിയ സ്വാതന്ത്ര്യത്തിന്റെയും ജീവിതാവിഷ്കാരത്തിന്റെയും വഴികളാണ് ഇന്നത്തെ സ്ത്രീകൾ തേടുന്നതെന്നും അവർ പറഞ്ഞു.

കൃഷിവകുപ്പുമന്ത്രി അഡ്വ.വി.എസ്.സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. പുതിയ സാമൂഹികഘടന കെട്ടിപ്പടുക്കുന്നതിൽ സ്ത്രീപോരാളികളുടെ വലിയ പങ്കാളിത്തമുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രൊഫ.സാവിത്രി ലക്ഷ്മണൻ അധ്യക്ഷയായി. ആർ.പാർവതീദേവി, ബിലു പത്മിനി നാരായണൻ, ഡോ.ഡി.ഷീല, ശ്രീലത, ടി.എ.ഫസീല എന്നിവരും സംസാരിച്ചു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

## ഇന്നത്തെ പരിപാടി (10.02.2018)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവവേദിയിൽ ഇന്ന് 10.30ന് പുസ്തക പ്രകാശനം, 3ന് ഗ്രന്ഥശാലാപ്രവർത്തകർക്ക് ആദരം, ഉദ്ഘാടനം-ആരോഗ്യമന്ത്രി കെ.കെ.ശൈലജ ടീച്ചർ, 5ന് സമാപനസമ്മേളനം. ഉദ്ഘാടനം-സി.എൻ.ജയദേവൻ എം.പി., മുഖ്യാതിഥി-പ്രഭാവർമ. 6.30ന് എം.വി.ജോസും സംഘവും അവതരിപ്പിക്കുന്ന മധുരം സംഗീതം.